# PRE-MODELSSLC- 2023-24
# FIRST TERM BASED SET A
## ഉത്തര സൂചിക

സോഷ്യൽ സയൻസ്

STD: X

Time: 1 Hour:30Minutes TotalScore:40

| | Answers | |
|---|---|---|
| 1 | **അമേരിക്കൻ സ്വാതന്ത്ര്യ സമരം** | 1 |
| 2 | **വിദ്യാഭ്യാസം** | 1 |
| 3 | **സെയിൽസ് ടാക്സ് ഓഫീസർ** | 1 |
| 4 | **രാഷ്ട്രീയ അവകാശങ്ങളും സാമ്പത്തിക പരിഷ്കാരങ്ങളും ആവശ്യപ്പെട്ട് തൊഴിലാളികൾ പെട്രോഗ്രാഡ് എന്ന സ്ഥലത്ത് 1905 ജനുവരി 9 ന് പ്രകടനം നടത്തി. ഇതിനുനേരെ പട്ടാളം വെടിവെച്ചതിൽ നൂറുകണക്കിന് ആളുകൾ കൊല്ലപ്പെട്ടു. ഈ സംഭവം രക്തരൂക്ഷിതമായ ഞായറാഴ്ച എന്നറിയപ്പെടുന്നു.** | 2 |
| 5. | **ജൂൺ 21**<br>• **ഗ്രീഷ്മ അയനാന്തം**<br>• **മാർച്ച് 21 മുതൽ ഭൂമധ്യരേഖയിൽ നിന്നും വടക്കോട്ട് അയനം ചെയ്യുന്ന സൂര്യൻ ജൂൺ 21 ന് ഉത്തരായ രേഖയ്ക്ക് നേർ മുകളിൽ എത്തുന്നു.**<br>• **ഈ ദിനത്തെ ഉത്തരാർദ്ധഗോളത്തിൽ ഗ്രീഷ്മ അയനാന്തദിനം എന്ന് വിളിക്കുന്നു.**<br>**സെപ്തംബർ 23**<br>• **സൂര്യൻ ഭൂമധ്യരേഖക്ക് നേർമുകളിലായിരിക്കുമ്പോൾ ഉത്തരാർദ്ധഗോളത്തിലും ദക്ഷിണാർദ്ധ ഗോളത്തിലും തുല്യ അളവിൽ സൂര്യപ്രകാശം ലഭിക്കുന്നു.**<br>• **മാർച്ച് 21, സെപ്തംബർ 23 എന്നീ ദിനങ്ങളിലാണ് സൂര്യന്റെ അപേക്ഷിക സ്ഥാനം ഭൂമധ്യരേഖയ്ക്ക് നേർമുകളിൽ വരുന്നത്. ഈ ദിനത്തെ സമരാത്ര ദിനം(വിഷുവങ്ങൾ)എന്ന് വിളിക്കുന്നു.** | 2 |
| 6 | **ബ്രിട്ടീഷുകാർ അമിതമായി നികുതി ചുമത്തിയത്**<br>**നികുതി പണമായി അടക്കണമെന്ന് നിർബന്ധിച്ചത്**<br>**നികുതി അടയ്ക്കാൻ കഴിയാത്തവരുടെ കൃഷിഭൂമി ബ്രിട്ടീഷുകാർ പിടിച്ചെടുത്തു** | 2 |
| 7 | **പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കാതെ ഒരു വിഭാഗം വിദ്യാലയങ്ങളിൽ നിന്ന് കൊഴിഞ്ഞുപോകുന്നു**<br>**വിദ്യാഭ്യാസ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതക്കുറവ്**<br>**വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തേണ്ടതുണ്ട്** | 2 |
| 8 | • **പിൻകാല സ്വാതന്ത്ര്യ സമരങ്ങൾക്കും വിപ്ലവങ്ങൾക്കും പ്രചോദനവും ലക്ഷ്യബോധവും നൽകി**<br>• **റിപ്പബ്ലിക്കൻ ഭരണ രീതി എന്ന ആശയം മുന്നോട്ടു വെച്ചു.** | 3 |

| | | |
|---|---|---|
| | • ആദ്യത്തെ എഴുതപ്പെട്ട ഭരണഘടന തെയ്യാറാക്കി<br>• സ്വാതന്ത്ര്യവും അധികാരവും നൽകുന്ന ഫെഡറൽ രാഷ്ട്രം എന്ന ആശയം ലോകത്തിനു നൽകി | |
| 9 | a ജൂൺ 21<br>b ഭൂമധ്യരേഖയിൽ<br>c ദക്ഷിണാർദ്ധ ഗോളത്തിൽ ദൈർഘ്യമേറിയ പകൽ | 3 |
| 10 | • ജർമ്മൻ കോളനികൾ സഖ്യകക്ഷികൾ വീതിച്ചെടുത്തു.<br>• യുദ്ധനഷ്ടപരിഹാരമായി ജർമ്മനി സഖ്യകക്ഷികൾക്ക് നൽകേണ്ടി വന്നു .<br>• സമ്പന്നമായ ഖനി പ്രദേശങ്ങൾ സഖ്യകക്ഷികൾ കയ്യടിക്കി<br>• യുദ്ധക്കുറ്റം ജർമ്മനിക്ക്<br>• ജർമ്മനിയെ നിരായുധീകരിച്ചു. | 3 |
| 11 | • ഹയർസെക്കൻഡറി കോഴ്സുകളിലേക്കുള്ള പ്രവേശനത്തിനുള്ള ഏകജാലക സംവിധാനം<br>• വിവിധ സ്കോളർഷിപ്പുകൾക്കുള്ള ഓൺലൈൻ അപേക്ഷ | 3 |
| 12 | • സൂര്യന്റെ അയനം<br>• കൊറിയോലിസ് പ്രഭാവം<br>• താപനത്തിലെ വ്യത്യാസം | 3 |
| 13 | • രാജ്യത്തെ മാനവ വിഭവ ശേഷിയുടെ ലഭ്യത അറിയാൻ<br>• ജനങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ എത്രയെന്നറിയുക<br>• ആവശ്യമായ സാധനങ്ങളുടെയും സേവനങ്ങളുടെയും അളവ് തിട്ടപ്പെടുത്താൻ<br>• സാമ്പത്തിക സാമൂഹിക വികസന നയങ്ങൾ രൂപീകരിക്കുക | 3 |
| 14 | • ദക്ഷിണേന്ത്യ<br>• നേരിട്ട് നികുതി പിരിച്ചു<br>• ഭൂമിയുടെ ഉടമ കർഷകൻ<br>• അമിത നികുതി<br>• നികുതി ഇടയ്ക്കിടെ വർധിപ്പിച്ചു . | 3 |
| 15 | • കോളനികളുടെ പരമ്പരാഗത സാമ്പത്തികസ്ഥ തകർന്നു .<br>• പ്രകൃതി വിഭവങ്ങൾ കൊള്ളയടിക്കപ്പെട്ടു.<br>• തദ്ദേശീയമായ ,കല ,ഭാഷ , സംസ്കാരം, വിദ്യാഭ്യാസം എന്നിവ തകർത്തപ്പെട്ടു.<br>• ഭരണരീതിയും നിയമവ്യവസ്ഥയും മാറ്റിമറിക്കപ്പെട്ടു.<br>• ഭക്ഷ്യവിളകൾക്ക് പകരം നാണ്യവിളകൾ കൃഷി ചെയ്യാൻ നിർബന്ധിതരായി.<br>• ദാരിദ്ര്യവും തൊഴിലില്ലായ്മയും വർദ്ധിച്ചു. | 4 |
| 16 | ഗ്രീനിച്ച് രേഖ – 0 ഡിഗ്രി രേഖാംശരേഖ<br>ലോകത്തെ സമയനിർണയത്തിന്റെ അടിസ്ഥാനം.<br>അന്താരാഷ്ട്ര ദിനാങ്കരേഖ. | 4 |

SSMPM

| | | |
|---|---|---|
| | 180 ഡിഗ്രി രേഖാംശരേഖ<br>സമയ വ്യത്യാസം 24 മണിക്കൂർ | |
| 17 | മറ്റു കാറ്റുകളെ അപേക്ഷിച്ച് താരതമ്യേന ചെറിയ പ്രദേശങ്ങളിൽ മാത്രമായി അനുഭവപ്പെടുന്ന കാറ്റുകൾ .<br>ഉദാഹരണം : ലൂ,മാംഗോ ഷവർ , കാൽബൈശാഖി | 4 |
| 18 | • സേവനത്തിനായി സർക്കാർ ഓഫീസിൽ കാത്തു നിൽക്കേണ്ടതില്ല<br>• വിവരസാങ്കേതികവിദ്യയുടെ സഹായത്താൽ സേവനം നേടാം.<br>• സർക്കാർ സേവനം കുറഞ്ഞ ചെലവിലും വേഗത്തിലും ലഭിക്കുന്നു.<br>• ഓഫീസുകളുടെ കാര്യക്ഷമതയും സേവനത്തിന്റെ ഗുണമേന്മയും വർദ്ധിക്കുന്നു. | 4 |
| 19 | a) ലോക മഹായുദ്ധത്തിലേക്ക് നയിച്ച ഒരു ഘടകം ആണ് സാമ്രാജ്യത്വ പ്രതിസന്ധി –<br>*മോറോക്കൻ, ബൽക്കാൻ പ്രതിസന്ധി<br>1904 ൽ ബ്രിട്ടനും ഫ്രാൻസും തമ്മിലൊപ്പിട്ട രഹസ്യ സന്ധിയനുസരിച്ച് ആഫ്രിക്കൻ രാജ്യമായ മൊറോക്കോയിൽ ഫ്രാൻസിന്റെ ആധിപത്യം ബ്രിട്ടൻ അംഗീകരിച്ചു .ജർമ്മനി ഇതംഗീകരിച്ചില്ല.ജർമ്മനി മൊറോക്കൻ തുറമുഖമായ അഗഡിറിലേക്ക് യുദ്ധകപ്പലുകൾ അയച്ചു തുടർന്ന അനുരഞ്ജന ചർച്ചയിൽ തങ്ങളുടെ കോളനിയായ ഫ്രഞ്ച് കോംഗോയുടെ ചില ഭാഗങ്ങൾ ജർമ്മനിക്ക് നൽകി .ഫ്രാൻസും ജർമനിയു ശത്രുത തുടർന്നു –<br>* ബാൾക്കാൻ പ്രതിസന്ധി<br>കരിങ്കടലിന്യം ഈജിയൻ കടലിനും സമീപം.ഓട്ടോമൻ തുർക്കിയുടെ ഭാഗം 1912 ൽബാൾക്കാൻ സഖ്യം തുർക്കിയെ പരാജയപ്പെടുത്തി.യുദ്ധസംമ്പത്ത് പങ്ക് വെക്കലിലെ അഭിപ്രായവിത്യാസം.<br>*തീവ്ര ദേശീയ പ്രസ്ഥാനങ്ങൾ<br>പാൻസ്ലാവ് പ്രസ്ഥാനം<br>സ്ലാവ് വംശജരുടെ നേതൃത്യം ഏകീകരിക്കാൻ റഷ്യ തത്പര്യം കാണിച്ച് റഷ്യയുടെ കീഴിൽ രൂപീകരിച്ച പ്രസ്ഥാനം.<br>പാൻ ജർമ്മൻ<br>ജർമ്മനി ട്യൂടോണിക്ക് വർഗ്ഗക്കാരെ ഏകോപ്പിക്കാൻ വേണ്ടിയാണ്.<br>* പ്രതികാര പ്രസ്ഥാനം<br>1871 ൽ ജർമ്മനി ഫ്രാൻസിന്റെ പക്കൽ നിന്ന് അൾ സൈസ്, ലോറൈൻസ് പ്രദേശങ്ങൾ കൈവശപ്പെടുത്തി .തിരികെ പിടിക്കാൻ ഫ്രാൻസിന്റെ കീഴിൽ ആരംഭിച്ചതാണ് പ്രതികാര പ്രസ്ഥാനം.<br>* സൈനിക സഖ്യരൂപീകരണം<br>കോളനികൾക്ക് വേണ്ടി മത്സരംശത്രുത ശക്തിപ്പെട്ടതോടെ സൈനിക സഖ്യങ്ങൾ രൂപീകരിച്ചു.<br>രണ്ട് സൈനിക സഖ്യങ്ങൾ ത്രികക്ഷി സഖ്യം, ത്രികക്ഷി സൗഹാർദ്ദം<br>* ത്രികക്ഷി സഖ്യം<br>ജർമ്മനി ആസ്ട്രിയ, ഇറ്റലി രൂപം നൽകിയ സഖ്യം .<br>*ത്രികക്ഷി സൗഹാർദ്ധം<br>ഇംഗ്ലണ്ട്, ഫ്രാൻസ്, റഷ്യ . | 6 |
| 19 | b) വ്യവസായങ്ങൾക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ ശേഖരിക്കുന്നതിനും നിർമിച്ച വസ്തുക്കൾ വിൽക്കുന്നതിനും യൂറോപ്യൻമാർ അമേരിക്കൻ കോളനികളിൽ നടപ്പിലാക്കിയ നിയമം. | 6 |

* മെർക്കന്റെ ലിസ്റ്റ് നിയമങ്ങൾ
> കോളനികളിൽ നിന്നോ കോളനികളിലേക്കോ സാധനങ്ങൾ കയറ്റി കൊണ്ടു പോകുന്നത് ഇംഗ്ലീഷ് കപ്പലുകളിലായിരിക്കണം.
>കോളനികളിൽ ഉദ്പാദിച്ചിരുന്ന പഞ്ചസാര, കമ്പിളി പരുത്തി പുകയില തുടങ്ങിയവ ഇംഗ്ലണ്ടിലേക്ക് മാത്രമേ കയറ്റി അയക്കാൻ പാടുള്ളൂ –
> കോളനികളിലെ നിയമപരമായ പ്രമാണങ്ങൾക്കു .വർത്തമാന പത്രങ്ങൾ, ലഘുലേഖകൾ ലൈസൻസുകൾ തുടങ്ങിയവ ലിയായല്ലാം ഇംഗ്ലണ്ടിന്റെ സ്റ്റാമ്പ് പതിക്കണം
>കോളനിയിൽ നിലനിർത്തിയിട്ടുള്ള ഇംഗ്ലിഷ്ക്കാരുടെ സൈന്യത്തിനുള്ള താമസ സ്ഥലവും അത്യാവശ്യ സൗകര്യങ്ങളും കോളനിക്കാർ നൽകണം.
>കോളനികളിലേക്ക് ഇറക്കുമതി ചെയ്യുന്നതേയില ഗ്ലാസ് എന്നിവക്ക് ഇറക്കുമതി ചുങ്കം നൽകണം.
* ഒന്നാം കോണ്ടിനെന്റൽ കോൺഗ്രസ്
ഇംഗ്ലണ്ടിന്റെ നയങ്ങൾക്കും നിയമങ്ങൾക്കുമെതിരെ പ്രതികരിക്കാനായി ജോർജിയ ഒഴികെയുള്ള കോളനി പ്രതിനിധികൾ
1774 ൽഫിലാഡൽഫിയയിൽ സമ്മേളിച്ചു ഇത് ഒന്നാം കോണ്ടിനെന്റൽ കോൺഗ്രസ് എന്നറിയപ്പെട്ടു വ്യാപാരത്തിനും വ്യവസായങ്ങൾക്കും എർപ്പെടുത്തിയ നിയമങ്ങൾ നിക്കണമെന്ന് അംഗീകാരമില്ലാതെ നികുതി പിരിക്കരുതെന്നും ആവശ്യപ്പെട്ട് രാജാവിന് നിവേദനം നൽകി രാജാവ് ജനങ്ങള അടിച്ചമർത്താനായി സൈന്യത്തെ അയച്ചു.ഇംഗ്ലണ്ടും കോളനികളും തമ്മിലുള്ള യുദ്ധത്തിന് ഒരുക്കം ആയി
1775. ഫിലാഡൽഫിയയിൽ ചേർന്ന രണ്ടാം കോണ്ടിനെന്റൽ കോൺഗ്രസ്.ജോർജ് വാഷിംഗ്ടണിനെ കോണ്ടിനെന്റൽ സെന്യത്തിന്റെ തലവനായി തിരഞ്ഞെടുത്തു.തോമസ് പെയിൻ തന്റെ കോമൺസെൻസ് എന്ന ലഘുലേഖയിലൂടെ ഇംഗ്ലണ്ടിൽ നിന്നു വേർപിരിയുകയാണ് അമേരിക്കക്കാരെ സംബന്ധിച്ച് വിവേകപൂർവ്വമായ പ്രവൃത്തിയെന്ന് പ്രഖ്യാപിച്ചു –

SSMPM